II ഇ.ബി. XV- കേരള നിയമസഭ/V-3

**പതിനഞ്ചാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2022 ജൂൺ 30, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

7(*61) <u>മത്സ്യത്തൊഴിലാളികൾക്ക് വില നിർണ്ണയ അവകാശം</u>

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ആപേക്ഷിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സാഫ്, മത്സ്യഫെഡ്, മത്സ്യബോർഡ്, ഫിഷറീസ് വകുപ്പ് എന്നിവ മുഖേന പുനർഗേഹം, വിദ്യാതീരം, പ്രതിഭാതീരം, സമ്പാദ്യ-സമാശ്വാസ പദ്ധതി തുടങ്ങിയ നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നതായും 2021-ലെ കേരള

മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം നടപ്പാക്കുന്നതിലൂടെ മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് മത്സ്യത്തൊഴിലാളികളെ മുക്തമാക്കുന്നതിനും സാധിക്കുമെന്ന് സഭയെ അറിയിച്ചു. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന യാനങ്ങളുടെയും ഉപകരണങ്ങളുടെയും ഉടമസ്ഥരാക്കുന്നതിനുള്ള വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് മത്സ്യബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽനിന്ന് പലിശരഹിത വായ്പ ലഭ്യമാക്കുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. തീരദേശങ്ങളിലുള്ള വനിതകൾക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുന്ന സ്നേഹതീരം പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കടലിന്റെ അടിത്തട്ടിൽ കൃത്രിമ പാരുകൾ സ്ഥാപിച്ച് കൃത്രിമ ആവാസ വ്യവസ്ഥ സൃഷ്ടിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. കേന്ദ്രത്തിൽനിന്നും സബ്സിഡി നിരക്കിൽ ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുന്നതിനും മത്സ്യഫെഡിനെ ഹോൾസെയിൽ ഏജന്റായി അംഗീകരിക്കുന്നതിനും കേന്ദ്രസർക്കാരിൽ

സമ്മർദ്ദം ചെലുത്തുമെന്നും മത്സ്യസഹകരണ സംഘങ്ങൾ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും പരമ്പരാഗത യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നടപ്പാക്കിവരുന്നുണ്ടെന്നും ഇൻഷ്വറൻസ് അദാലത്തുവഴി ഈ വർഷം 12.5 കോടി രൂപ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ടെന്നും വിദ്യാതീരം പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സൗജന്യ എൻട്രസ് പരിശീലനം നൽകിവരുന്നുണ്ടെന്നും വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ നിരവധി കുട്ടികൾക്ക് പ്രവേശനം ലഭിച്ചതായും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

8(*62) <u>അംബേദ്കർ ഗ്രാമം പദ്ധതി</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, പട്ടികജാതിക്കാരുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ നിലവാരവും ഭൗതീക സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് അംബേദ്കർ ഗ്രാമം പദ്ധതിയുൾപ്പെടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങളുള്ള കോളനികളിൽ

നിന്നും പിന്നോക്കാവസ്ഥ പരിഗണിച്ച് ബന്ധപ്പെട്ട എം. എൽ .എ.- മാർ തെരഞ്ഞെടുക്കുന്ന കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതെന്നും സഭയെ അറിയിച്ചു. സാങ്കേതിക മികവുള്ള വിവിധ ഏജൻസികൾവഴി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി, എം.എൽ.എ.-മാർ ചെയർമാൻമാരായ മോണിറ്ററിംഗ് കമ്മിറ്റി മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ച് കാലതാമസംകൂടാതെ പൂർത്തീകരിക്കുന്നതാണെന്നും വീഴ്ച വരുത്തുന്ന ഏജൻസികളെ ഒഴിവാക്കുന്നതാണെന്നും വ്യക്തമാക്കി. കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനപ്രശ്നം പരിഹരിക്കാനുള്ള അടിയന്തര നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും സ്കാറ്റേർഡ് ഏരിയയിൽ താമസിക്കുന്ന ടി വിഭാഗത്തിലെ ആളുകൾക്ക് പ്രത്യേക പരിഗണന നൽകുമെന്നും പട്ടികജാതിക്കാർക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിന് മുൻഗണന നൽകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

9(*63) ബഫർ സോൺ

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും നിശ്ചയിക്കപ്പെട്ട അതിരിൽ നിന്നും ഒരു കിലോമീറ്റർ ചുറ്റളവ് വരെ ഇക്കോ

സെൻസിറ്റീവ് സോണായി (ESZ) പ്രഖ്യാപിക്കുന്നതിലൂടെ മലയോര മേഖലയിലെ ജനവാസ കേന്ദ്രങ്ങൾക്കുണ്ടാകാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതി ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംരക്ഷിത മേഖലയുടെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, കൃഷിസ്ഥലങ്ങൾ, മറ്റ് നിർമ്മാണങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആന്റ് എൻവയോൺമെൻറ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. കർണ്ണാടക വനമേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ കർണ്ണാടക സർക്കാരിന്റെ സഹകരണത്തോടെ മാത്രമേ ബഫർ സോൺ

പരിശോധിക്കാനും നിർണ്ണയിക്കാനും സാധിക്കുകയുള്ളൂവെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.